"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - മലപ്പുറം ജില്ല - റോഡുകളുടെ പുനരുദ്ധാരണം ഭരണാനുമതി ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.85/2026/DMD തീയതി,തിരുവനന്തപുരം, 17-02-2026

പരാമർശം:- 1. സ. ഉ. (കൈ) നം. 3/2018/ഡി.എം.ഡി. തീയതി, 27.03.2018

2. സ. ഉ. (സാധാ) നം. 190/2025/ഡി.എം.ഡി. തീയതി, 29.03.2025

3. ബഹു. വേങ്ങര എം.എൽ.എ. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ 14.01.2026 -ലെ അപേക്ഷ

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി മലപ്പുറം ജില്ലയിൽ വേങ്ങര നിയോജക മണ്ഡലത്തിൽ ഊരകം ഗ്രാമപഞ്ചായത്തിലെ നെടുംപറമ്പ്-ചേറൂർ റോഡ് പ്രവൃത്തിക്ക് പരാമർശം (2) ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ (പത്ത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിരുന്നു. ടി പ്രവർത്തിയ്ക്ക് പകരം അതേ പഞ്ചായത്തിലെ തന്നെ ചാലിൽകുണ്ട് റോഡ് പ്രവൃത്തിയ്ക്ക് ഫണ്ട് മാറ്റി അനുവദിച്ചുകൊണ്ട് ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

2) പുതുതായി അനുവദിച്ച പ്രവൃത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് ജില്ലാകളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും നിർവ്വഹണ പ്രവൃത്തിയുടെ അനുവദനീയമായ പുനരുദ്ധാരണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളും കർശനമായും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB1/28/2026-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 18-02-2026 15:02:39

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്